പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5690

29.07.2015-ൽ മറുപടിക്ക്.

പോലീസ് സേനയുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ; | : (എ) കേന്ദ്ര സഹായത്തോടുകൂടി നടപ്പിൽ വരുത്തുന്ന മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതിയിൽ താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |

നോൺ പ്ലാൻ ഇനം

1. ബുള്ളറ്റ് പ്രൂഫ്, മൈൻപ്രൂഫ് അടക്കമുള്ള വാഹനങ്ങൾ വാങ്ങുന്നത്
2. ആയുധങ്ങൾ വാങ്ങുന്നത്
3. വാർത്താ വിനിമയ ഉപകരണങ്ങൾ വാങ്ങുന്നത്
4. പരിശീലന സംവിധാനങ്ങളുടെ നിലവാരം ഉയർത്തുന്നത്
5. ഫോറൻസിക് സയൻസ് ലബോറട്ടറിയുടെയും ഫിംഗർ പ്രിന്റ് ബ്യൂറോയുടെയും നിലവാരം ഉയർത്തുന്നത്
6. സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നത്

പ്ലാൻ ഇനം

1.വാസയോഗ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്

2. മറ്റ് ഉദ്ദേശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നത്

2000-01 മുതൽ നടപ്പിൽ വരുത്തിയ ടി പദ്ധതിയിൽ മേൽ പ്രസ്താവിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഏകദേശം 69,843.29 ലക്ഷം രൂപ (കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ അടക്കം) ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. പോലീസ് വകുപ്പിന്റെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത്
2. സൈബർ കുറ്റാന്വേഷണ വിഭാഗത്തെ സാങ്കേതികമായി ഉയർത്തുന്നത്
3. കുറ്റാന്വേഷണ വിഭാഗത്തിന്റെ നിലവാരം ഉയർത്തുന്നത്
4. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം ശക്തിപ്പെടുത്തുന്നത്
5. പോലീസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നത്
6. ജനമൈത്രി സുരക്ഷാ പദ്ധതി
7. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റ്

മേൽപ്പറഞ്ഞതു കൂടാതെ കേരളാ പോലീസ് അക്കാഡമി നടത്തിവരുന്ന വിവിധയിനം Indoor, Outdoor പരിശീലന പദ്ധതികൾ, പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പോലീസ് യൂണിവേഴ്സിറ്റി, ആധുനിക ഐ.റ്റി അധിഷ്ഠിതമായ വാർത്താ വിനിമയ സംവിധാനങ്ങൾ, മാവോയിസ്റ്റുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി പുതിയ പോലീസ് സേനാ സംവിധാനങ്ങൾ എന്നിവയിലൂടെ സംസ്ഥാന പോലീസിനെ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

| | |
|---|---|
| (ബി) പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കി കേരള പോലീസിനെ ഏറ്റവും മികച്ച പോലീസ് സേനയാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | : (ബി) പോലീസ് സേനയിൽ ക്രിമിനൽ കേസുകളിൽ പ്രതിയായവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയും, KPDIP Rule പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ചും പോലീസ് ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് അവാർഡുകൾ ഏർപ്പെടുത്തിയും പോലീസ് സേനയെ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച പോലീസ് സംവിധാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പോലീസിലെ സൈബർ സെല്ലിന്റെ പ്രവർത്തനം ഏറ്റവും മികച്ച നിലയിൽ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | : (സി) ആധുനിക സാങ്കേതിക ഉപകരണങ്ങളുടേയും അവയുടെ പ്രയോഗത്തിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധരായ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിയും സൈബർ സെല്ലുകൾ മികച്ച രീതിയിൽ പ്രവർത്തനം നടത്തി വരുന്നു. സൈബർ സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്, വിവിധ വിഭാഗങ്ങളിലായി 133 തസ്തികകൾ സർക്കാർ ഉത്തരവ് നമ്പർ 194/2013/ആഭ്യന്തരം തീയതി 01.08.2013 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ